"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 - സംസ്ഥാനത്തു നദികളിൽ നിന്നും മണൽ വാരൽ പുനരാരംഭിക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജ്യറിലെ (SOP) 1 മുതൽ 12.2 വരെയുള്ള നടപടിക്രമങ്ങൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1184/2025/RD തീയതി,തിരുവനന്തപുരം, 19-05-2025

പരാമർശം:-

1. 2001-ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമവും 2002-ലെ ചട്ടങ്ങളും
2. ബഹു സുപ്രീം കോടതിയുടെ ദീപക് കുമാർ Vs ഹരിയാന സർക്കാർ കേസിലെ 27/02/2012-ലെ വിധിന്യായം
3. കേന്ദ്ര പരിസ്ഥിതി, വനം & കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ച സസ്റ്റൈനബിൾ സാൻഡ് മൈനിങ് മാനേജ്മന്റ് മാർഗനിർദേശങ്ങൾ (SSMG)- 2016
4. എൻവയോൺമെന്റ് ഇമ്പാക്ട് അസ്സെസ്സ്മെന്റ് (ഇ.ഐ.എ) വിജ്ഞാപനം - 2006 -ലെ 15.01.2016-ലെ ഭേദഗതി.
5. ബഹു കേന്ദ്ര ഹരിത ട്രൈബ്യൂണലിന്റെ Satendra Pandey Vs MoEF&CC & Anr (OA 186/2016) കേസിലെ 13/09/2018-ലെ വിധിന്യായം
6. ബഹു കേന്ദ്ര ഹരിത ട്രൈബ്യൂണലിന്റെ Vikrant Tongad Vs Union of India (Execution Application 55/2018 in OA 520/2016) കേസിലെ 11/12/2018-ലെ വിധിന്യായം
7. 15/11/2018-ലെ P3/248/RD നമ്പർ സർക്കുലർ
8. 2020 ജനുവരിയിലെ കേന്ദ്ര പരിസ്ഥിതി, വനം & കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ച Enforcement and Monitoring Guidelines on Sand Mining (EMGSM)-2020
9. ബഹു കേന്ദ്ര ഹരിത ട്രൈബ്യൂണലിന്റെ OA40/2020/EZ നമ്പർ കേസിലെ 14/10/2020-ലെ വിധിന്യായം
10. 04/12/2023-ലെ LR/9540/2023/LR(K1) നമ്പർ കത്ത്
11. പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന 11.01.2024-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

12 ഐ.എൽ.ഡി.എം ഡയറക്ടറുടെ 17.01.2024-ലെ ILDM/3009/2022/E1 നമ്പർ കത്ത്

13 ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന 05.02.2024-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ വാരൽ നിയന്ത്രിക്കുന്നതും ക്രമീകരിക്കുന്നതും പരാമർശം (1)-ലെ നിയമവും അതു പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2002-ലെ ചട്ടങ്ങൾ പ്രകാരവുമാണ്. പരാമർശം (1) നിയമത്തിലെ 9 (ബി), 29 നമ്പർ വകുപ്പുകൾ പ്രകാരം നദികളിൽ നടത്തിയ സാൻഡ് ഓഡിറ്റിന്റെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് 2016 വരെ സംസ്ഥാനത്തെ നദികളിൽ നിന്ന് മണൽ വാരൽ നടന്നിരുന്നത്.

2. ബഹു.സുപ്രീംകോടതിയുടെ പരാമർശം (2) വിധിന്യായപ്രകാരം നദികളിൽ നിന്ന് മണൽ വാരുന്നതിന് സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (SEIAA) യുടെ പാരിസ്ഥിതികാനുമതി (EC) നിർബന്ധമാക്കി. ടി വിധിന്യായത്തിന്റെ വെളിച്ചത്തിൽ , കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (EIA) നോട്ടിഫിക്കേഷനിൽ 15.01.2016-ൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള പുതിയ നടപടിക്രമം അനുസരിച്ചുള്ള പാരിസ്ഥിതികാനുമതി (EC) വേണമെന്നതിനാൽ 2016-ന് ശേഷം സംസ്ഥാനത്ത് നദികളിൽ നിന്നുള്ള മണൽ വാരൽ നിർത്തിവെക്കുകയുണ്ടായി.

3. പാരിസ്ഥിതികാനുമതി (EC) ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട District Survey Report, Mining Plan, Environment Impact Assessment (EIA), Environment Management Plan (EMP) എന്നിവ തയാറാക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് പരാമർശം (3) പ്രകാരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

4. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരാമർശം (4)-ലെ വിജ്ഞാപനം ഭാഗികമായി റദ്ദ് ചെയ്തു കൊണ്ട് പരാമർശം (5) പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതു വരെ പരാമർശം (4)-ലെ നോട്ടിഫിക്കേഷൻ താൽക്കാലികമായി നിർത്തി വെച്ചു കൊണ്ട് പരാമർശം (6) പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ വിധി പുറപ്പെടുവിക്കുകയുണ്ടായി.

5. നദികളിലെ മണൽ വാരുന്നതിനുള്ള പാരിസ്ഥിതികാനുമതി (EC) ലഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഇതുമായി ബന്ധപ്പെട്ട പ്രവർത്തികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (7) പ്രകാരം സർക്കാർ പരിപത്രം പുറപ്പെടുവിച്ചിരുന്നു.

6. District Survey Report (DSR) , Mining Plan, Environment Impact Assessment (EIA)/ Environment Management Plan (EMP), monitoring of sand mining, sale of sand and post

Environmental Clearance monitoring എന്നിവയ്ക്കായി പുതുക്കിയ മാർഗനിർദേശങ്ങൾ വിശദമാക്കിക്കൊണ്ട് 2020 ജനുവരിയിൽ പരാമർശം (8) പ്രകാരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

7. District Survey Report തയാറാക്കേണ്ടത് National Accreditation Board of Education and Training (NABET)/ Quality Control Council of India അംഗീകരിച്ച കൺസൾട്ടന്റാവണമെന്ന് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ പരാമർശം (9)-ലെ വിധിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മണൽ ലഭ്യതയുള്ള നദികളുടെ DSR തയ്യാറാക്കുന്നതിന് NABET Accredited Agency ആയ CSIR/NIIST-യെ ചുമതലപ്പെടുത്തുകയും ടി ഏജൻസി 11 ജില്ലകളുടെ കരട് DSR സമർപ്പിച്ചിട്ടുള്ളതാണ്. ടി DSR-കൾ അംഗീകരിക്കുന്നതിലേക്കും തുടർന്ന് സംസ്ഥാനത്ത് മണൽ വാരൽ പുനരാരംഭിക്കുന്നതിന് അംഗീകാരം നൽകുന്നതിന്റെയും പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

8. ടി സാഹചര്യത്തിൽ, സംസ്ഥാനത്ത് മണൽ വാരൽ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ വിജ്ഞാപനങ്ങൾ, മാർഗനിർദേശങ്ങൾ, ബഹു. സുപ്രീംകോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ വിവിധ വിധിന്യായങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ പരാമർശം (12) പ്രകാരം ഐ.എൽ.ഡി.എം ഡയറക്ടർ സമർപ്പിച്ച SOP (Standard Operating Procedure) സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ടി Standard Operating Procedure-ലെ 1 മുതൽ 12.2 വരെയുള്ള നടപടിക്രമങ്ങൾക്ക് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു(ആയത് അനുബന്ധമായി ചേർക്കുന്നു).

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി വ്യവസായ വകുപ്പ്
സെക്രട്ടറി, ജലസേചന വകുപ്പ്
ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്
ഡയറക്ടർ, ഭൂജല വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ, ILDM, തിരുവനന്തപുരം.
ഡയറക്ടർ, CSIR - NIIST, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് P.O , പാപ്പനംകോട് തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (SEIAA)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Pradeesh Kumar M K**
**Date: 19-05-2025 14:09:06**
സെക്ഷൻ ഓഫീസർ

പകർപ്പ് :
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ (P) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്